# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ26<br>July 26 | 2020 |
|---|---|

1195കർക്കടകം11ഞായർ

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

---

### ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഡെവലപ്പർ കോഴ്സ്

അഞ്ചാം സെമസ്റ്റർ എൻജിനിയറിംഗ് വിദ്യാർഥികൾക്കായി അസാപ് ( അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) നടത്തുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഡെവലപ്പർ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. 35,000 രൂപയാണ് ഫീസ്. ഓഗസ്റ്റ് ഒന്നിന് നടക്കുന്ന യോഗ്യത പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങുന്ന വിദ്യാർഥികൾക്ക് 50 ശതമാനം ഫീസ് ഇളവ് ലഭിക്കും. താൽപര്യമുള്ളവർ ജൂലൈ 27 ന് മുൻപ് http://www.asapkerala.gov.in/initiatives/asdc/ എന്ന വെബ്സൈറ്റിൽ അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9567058626, 9495999649.

(പിഎൻപി 3119/20)

### പുതിയ ക‌െ യ്ൻമെന്റ് സോൺ

ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് ആറ്, പെരിങ്ങര ഗ്രാമപഞ്ചായത്തിലെ വാർഡ് 13, വടശേരിക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് ആറ് എന്നീ സ്ഥലങ്ങളിൽ ജൂലൈ 26 മുതൽ ഏഴു ദിവസത്തേക്ക് ക‌െ യ്ൻമെന്റ് സോൺ നിയന്ത്രണം. രോഗം സ്ഥിരീകരിച്ചവരുടെ പ്രാഥമിക സമ്പർക്കപട്ടിക ഉയരുന്നത് കണക്കിലെടുത്ത് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ശുപാർശ പ്രകാരമാണ് പുതിയ ക‌െ യ്ൻമെന്റ് സോൺ പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ പി.ബി. നൂഹ് പ്രഖ്യാപിച്ചത്. (പിഎൻപി 3120/20)

## ക യ്ൻമെന്റ് സോൺ നിയന്ത്രണം ദീർഘിപ്പിച്ചു

അടൂർ നഗരസഭയിലെ വാർഡ് ര ്, മൂന്ന്, 13 എന്നീ സ്ഥലങ്ങളിൽ ജൂലൈ 27 മുതൽ ഏഴു ദിവസത്തേക്ക് കൂടി ക യ്ൻമെന്റ് സോൺ നിയന്ത്രണം ദീർഘിപ്പിച്ച് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാനും ജില്ലാ മജിസ്ട്രേട്ടും കൂടിയായ ജില്ലാ കളക്ടർ പി.ബി. നൂഹ് ഉത്തരവ് പുറപ്പെടുവിച്ചു.

രോഗം സ്ഥിരീകരിച്ചവരുടെ പ്രാഥമിക സമ്പർക്കപട്ടിക ഉയരുന്നതു കണക്കിലെടുത്ത് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ശുപാർശ പ്രകാരമാണ് ക യ്ൻമെന്റ് സോൺ നിയന്ത്രണം ദീർഘിപ്പിച്ച് ഉത്തരവായത്. (പിഎൻപി 3121/20)

## ക യ്ൻമെന്റ് സോൺ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കി

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിലെ വാർഡ് എട്ട്, പ്രമാടം ഗ്രാമപഞ്ചായത്തിലെ വാർഡ് മൂന്ന്, കോന്നി ഗ്രാമപഞ്ചായത്തിലെ വാർഡ് ഒന്ന്, 16, അടൂർ നഗരസഭയിലെ വാർഡ് ഒന്ന്, നാല്, അഞ്ച്, ആറ്, ഏഴ്, എട്ട്, ഒൻപത്, 10, 11, 12, 14, 15, 16, 17, 18, 19, 20, 21, 22, 23, 24, 25, 26, 27, 28 എന്നീ സ്ഥലങ്ങളിൽ ഏർപ്പെടുത്തിയിരുന്ന ക യ്ൻമെന്റ് സോൺ നിയന്ത്രണം ജൂലൈ 27 മുതൽ ഒഴിവാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനും ജില്ലാ മജിസ്ട്രേറ്റും കൂടിയായ ജില്ലാ കളക്ടർ പി.ബി നൂഹ് ഉത്തരവ് പുറപ്പെടുവിച്ചു.

നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള ക യ്ൻമെന്റ് സോൺ നിയന്ത്രണം ജൂലൈ 26 ന് അവസാനിക്കുന്നതായ സാഹചര്യത്തിലും, ക യ്ൻമെന്റ് സോൺ നിയന്ത്രണം ദീർഘിപ്പിക്കണമെന്നുള്ള പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ശുപാർശ ലഭ്യമാകാത്ത സാഹചര്യത്തിലുമാണ് ഉത്തരവായത്. (പിഎൻപി 3122/20)

## ക യ്ൻമെന്റ് സോണിൽ പാലിക്കേ നിർദേശങ്ങൾ

ജനങ്ങൾ വീടുകളിൽ തന്നെ തുടരേ താണ്. അത്യാവശ്യ കാര്യങ്ങൾക്ക് മാത്രമേ വീടുകളിൽ നിന്ന് പുറത്തു പോകാൻ അനുവദിക്കുകയുള്ളു. മെഡിക്കൽ അത്യാഹിതങ്ങൾക്കും ആവശ്യവസ്തുക്കളുടെ സേവനത്തിനും വിതരണത്തിനുമല്ലാതെ ക യ്ൻമെന്റ് സോണിൽ നിന്നു പുറത്തേക്കു പോകാനോ അകത്തേക്ക് പ്രവേശി ക്കാനോ അനുവദിക്കുന്നതല്ല. ക യ്ൻമെന്റ് സോണുകളിൽ ഏഴു ദിവസത്തേക്ക് പൊതുഗതാഗത സേവനങ്ങൾ അനുവദിക്കില്ല.

സർക്കാർ ഓഫീസുകൾ ഏറ്റവും കുറവ് ജീവനക്കാരുമായി പ്രവർത്തിക്കണം. മറ്റു ജീവനക്കാർക്ക് വർക്ക് ഫ്രം ഹോം തുടരാം. പ്രതിരോധം, കേന്ദ്ര സായുധ പോലീസ് സേന, ട്രഷറി, പെട്രോളിയം, സിഎൻജി, എൽപി ജി, പിഎൻജി, ദുരന്ത നിവാരണ വകുപ്പ്, വൈദ്യുത ഉൽപാദന-വിതരണ യൂണിറ്റുകൾ, പോസ്റ്റ് ഓഫീസ്, നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ, മുന്നറിയിപ്പുകൾ നൽകുന്ന ഏജൻസികൾ തുടങ്ങിയവരെ ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടു ്. പോലീസ്, ഹോം ഗാർഡുകൾ, സിവിൽ ഡിഫൻസ്, ഫയർ ആൻഡ് എമർജൻസി സർവീസ്, ദുരന്ത നിവാരണ വിഭാഗം, ജയിൽ എന്നീ വിഭാഗങ്ങളെയും നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടു ്. ജില്ലാ ഭരണകൂടം, റവന്യൂ ഡിവിഷണൽ ഓഫീസ്, താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസ് എന്നിവ തുറന്നു പ്രവർത്തിക്കും. വൈദ്യുതി, വെള്ളം, ശുചിത്വം, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നിയന്ത്രണത്തിൽ ഇളവുകളു ്.

ബാങ്കുകൾ രാവിലെ 10 മുതൽ ഉച്ചയ്ക്ക് ര ു വരെ പ്രവർത്തിക്കാം. എ.റ്റി.എം, മാധ്യമങ്ങൾ, ഇന്റർനെറ്റ് സേവനം, ആവശ്യവസ്തുക്കളുടെ വിതരണ ശൃംഖല, ഗതാഗതം എന്നിവ അനുവദിക്കും. ഡിപ്പാർട്ട്മെന്റൽ സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന കടകൾ, പലചരക്ക്, പാൽ, മാംസം, പഴങ്ങൾ, പച്ച ക്കറികൾ, മത്സ്യം, കോഴി, കന്നുകാലി തീറ്റ തുടങ്ങിയവ വിൽക്കുന്ന കടകൾ എന്നിവയ്ക്ക് രാവിലെ ഏഴു മുതൽ വൈകുന്നേരം അഞ്ചു വരെ പ്രവർത്തിക്കാം. രാവിലെ ഏഴു മുതൽ രാത്രി

എട്ടു വരെ ഹോട്ടലുകളിൽ പാഴ്സൽ, ഹോം ഡെലിവറി സേവനങ്ങൾ മാത്രം അനുവദിക്കും. രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നു വരെ റേഷൻ കടകൾക്ക് പ്രവർത്തിക്കാം.

ഡിസ്പെൻസറികൾ, കെമിസ്റ്റ്, മെഡിക്കൽ ഉപകരണങ്ങൾ വിൽക്കുന്ന കടകൾ, ലബോറട്ടറികൾ, ക്ലിനിക്കുകൾ, നഴ്സിംഗ് ഹോമുകൾ, ആംബുലൻസ് മുതലായ പൊതു-സ്വകാര്യ മേഖലകളിലെ ആശുപത്രികളും അവയുടെ ഉൽപാദന, വിതരണ യൂണിറ്റുകളും ഉൾപ്പെടെ എല്ലാ അനുബന്ധ മെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തനക്ഷമമായിരിക്കും. എല്ലാ മെഡിക്കൽ ഓഫീസർമാർക്കും നഴ്സുമാർക്കും പാരാമെഡിക്കൽ സ്റ്റാഫുകൾക്കും ആശുപത്രി സഹായ സേവനങ്ങൾക്കുള്ള ഗതാഗതം അനുവദിച്ചിട്ടു ്.

വിദേശ രാജ്യങ്ങളിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും മടങ്ങിയെത്തുന്നവർക്ക് ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ പോലീസ് അധികാരികളുടെയും അനുമതിയോടെ സഞ്ചരിക്കാം. ഇവ ഒഴികെയുള്ള മറ്റൊരു പ്രവർത്തനങ്ങളും അനുവദിക്കില്ല. ക യ്ൻമെന്റ് സോണുകളിലെ നിയന്ത്രണങ്ങളിൽ ഇളവുകൾ അനുവദിച്ചിരിക്കുന്ന എല്ലാ പ്രദേശങ്ങളിലെയും ജീവനക്കാർ, സംഘടനകൾ എന്നിവർ കോവിഡ് 19 പ്രതിരോധത്തിന് ആവശ്യമായ മുൻകരുതലുകൾ ഉറപ്പാക്കുകയും ആരോഗ്യ വകുപ്പിന്റെ നിർദേശ പ്രകാരം സാമൂഹിക അകലം പാലിക്കുകയും ചെയ്യണം.

ഇൻസിഡന്റ് കമാൻഡറായ തഹസിൽദാർക്കാണ് അധികാര പരിധിയിലുള്ള ഇടങ്ങളുടെ ഉത്തരവാദിത്തം. നിർദിഷ്ട പ്രദേശത്തെ മറ്റു വകുപ്പ് ഉദ്യോഗസ്ഥർ തഹസിൽദാരുടെ നിർദേശപ്രകാരം പ്രവർത്തിക്കണം. ക യ്ൻമെന്റ് സോണുകളെക്കുറിച്ച് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ച മാർഗനിർദേശങ്ങളും സുരക്ഷയും പോലീസ് ഉറപ്പാക്കും. വീടുകൾതോറുമുള്ള നിരീക്ഷണവും ആവശ്യാനുസരണം മറ്റ് ക്ലിനിക്കൽ ഇടപെടലുകളും ആരോഗ്യ വകുപ്പ് ഉറപ്പാക്കും. നിയന്ത്രണങ്ങൾ ലംഘിക്കുന്നവർക്കെതിരെ 2005 ലെ ദുരന്തനിവാരണ നിയമത്തിലെ വകുപ്പ് 51 മുതൽ 60 പ്രകാരവും ഐപിസി വകുപ്പ് 188 പ്രകാരവുമുള്ള നിയമനടപടികൾ സ്വീകരിക്കുമെന്നും പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു. (പിഎൻപി 3123/20)

## സ്റ്റാഫ് നഴ്സ്

മൈലപ്ര ഗ്രാമപഞ്ചായത്ത് ആരംഭിക്കുന്ന കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിൽ ജോലി ചെയ്യുന്നതിനായി പ്രതിമാസം 17000 രൂപ നിരക്കിൽ വേതനം നൽകി കരാർ അടിസ്ഥാനത്തിൽ ഒരു സ്റ്റാഫ് നഴ്സിനെ നിയമിക്കുന്നു. ജിഎൻഎം/ബിഎസ്സി നഴ്സിംഗ് ഡിഗ്രിയും കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനും ഉള്ള താത്പര്യമുള്ള വ്യക്തികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഉയർന്ന പ്രായപരിധി 40 വയസ്. അപേക്ഷ 27 ന് രാവിലെ 10 മുതൽ 28ന് ഉച്ചയ്ക്ക് മൂന്നു വരെ മൈലപ്ര ഗ്രാമപഞ്ചായത്ത് ഓഫീസിൽ സ്വീകരിക്കും.

മൈലപ്ര ഗ്രാമപഞ്ചായത്ത് ആരംഭിക്കുന്ന കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് ദിവസ വേതന അടിസ്ഥാനത്തിൽ ശുചീകരണ തൊഴിലാളികളെ ആവശ്യമു ്. ഫോൺ: 9496042677, 8848765794. (പിഎൻപി 3124/20)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരളസർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

ജൂലൈ26

July 26

2020

1195കർക്കടകം11ഞായർ

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

**കോവിഡ്ടെസ്റ്റ് എല്ലാ പോലീസ്ഉദ്യോഗസ്ഥർക്കും,
സുരക്ഷ ഉറപ്പാക്കും: ജില്ലാപോലീസ് മേധാവി**

ജില്ലയിലെഎല്ലാ പോലീസ്ഉദ്യോഗസ്ഥർക്കുംകോവിഡ്ടെസ്റ്റ് നടത്തിയതായും, പോലീസുകാരുടെയുംകുടുംബാംഗങ്ങളുടെയുംസുരക്ഷ ഉറപ്പാക്കുമെന്നുംജില്ലാ പോലീസ് മേധാവികെജിസൈമൺ അറിയിച്ചു. കോവിഡ്വ്യാപനം വർധിക്കുന്ന പശ്ചാത്തലത്തിൽ ജനങ്ങളുമായി ഇടപഴകുന്നതിലൂടെകൂടുതൽരോഗസാധ്യതകണക്കിലെടുത്ത്എല്ലാ പോലീസ്ഉദ്യോഗസ്ഥർക്കുംകോവിഡ്ടെസ്റ്റ് കഴിഞ്ഞ ദിവസങ്ങളിലായി നടത്തിവരികയാണ്. പോസിറ്റീവ്ആകുന്ന സാഹചര്യമു ായാൽകൃത്യമായചികിത്സലഭ്യമാക്കും. സമ്പർക്കത്തിലുള്ളവർക്ക്എല്ലാസംവിധാനങ്ങളോടുംകൂടിയ ക്വാറന്റീൻ സൗകര്യംഒരുക്കുമെന്നുംജില്ലാപോലീസ് മേധാവിഅറിയിച്ചു. സ്റ്റേഷൻ അടച്ചുപൂട്ടുന്ന സ്ഥിതിയു ാവാതെകുറച്ചു പോലീസ്ഉദ്യോഗസ്ഥരെ ഉപയോഗപ്പെടുത്തി പ്രവർത്തനം തുടരും. അണുവിമുക്തമാക്കൽതുടങ്ങിയ പ്രവർത്തനങ്ങൾക്കുവേ നടപടികൾസ്വീകരിക്കും.

ഈ മഹാമാരിയുടെ പ്രതിരോധപ്രക്രിയയിൽഏർപ്പെട്ടുസമൂഹത്തിനൊപ്പം നിലകൊ ുരോഗഭീഷണി നേരിട്ട്എല്ലാസഹായങ്ങളുംസേവനങ്ങളുംചെയ്യുന്ന താഴെത്തട്ടിലുള്ള പോലീസ്ഉദ്യോഗസ്ഥരുടെഒപ്പംമേൽഉദ്യോഗസ്ഥരു ാവും. അതവർക്ക്ആത്മവിശ്വാസംഏറ്റുകയും, കൂടുതൽആത്മാർഥമായി ജനങ്ങൾക്കൊപ്പം നിന്ന് പ്രവർത്തിക്കാൻ ഊർജം നൽകുകയുംചെയ്യും. മുതിർന്ന പോലീസ്ഉദ്യോഗസ്ഥർഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. രോഗവ്യാപനം തടയുന്നതിനുള്ള നിയന്ത്രണങ്ങൾ നടപ്പാക്കുന്നതിൽ പോലീസ്സ്തുത്യർഹമായസേവനമാണ്ചെയ്തുവരുന്നത്. മനുഷ്യത്വപരമായവിവിധ പ്രവർത്തനങ്ങളിലൂടെ

പോലീസ്അതിന്റെസേവനത്തിന്റെഎല്ലാമേഖലകളും ജനങ്ങൾക്കായിതുറന്നിട്ടിരിക്കുന്നു. ജനമൈത്രി, എസ്പിസിതുടങ്ങിയസംവിധാനങ്ങളിലൂടെആളുകളുടെഎല്ലാകാര്യങ്ങളിലും ഇടപെടാനും സഹായങ്ങളെത്തിക്കാനും സാധിക്കുന്നു ്. ഇത്തരത്തിൽജില്ലയിൽ ധാരാളം പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോവിഡ്മഹാമാരിയെ പൂർണമായുംതുടച്ചുനീക്കുംവരെ പോലീസ്സംവിധാനം നിതാന്തജാഗ്രതയോടെ പ്രവർത്തിക്കും. താഴെത്തട്ടുവരെയുള്ളഎല്ലാ പോലീ സ്ഉദ്യോഗസ്ഥരുടെയുംക്ഷേമവുംസുരക്ഷയുംമേലുദ്യോഗസ്ഥർഉറപ്പാക്കിമുന്നോട്ടുപോകണം. ക്വാറന്റീൻ കേന്ദ്രങ്ങളിൽ പോലീസ്ഉദ്യോഗസ്ഥർക്കു ഭക്ഷണംതുടങ്ങിയഎല്ലാസൗകര്യങ്ങളുംഒരുക്കണമെന്നുംജില്ലാപോലീസ് മേധാവിആവശ്യപ്പെട്ടു.

(പിഎൻപി 3125/20)

## വ്യാപാരസ്ഥാപന ഉടമകൾഫോൺ കാളുകളിലൂടെ സാധനങ്ങൾ ലഭ്യമാക്കണം

ആൾത്തിരക്കുംഅതുവഴി സമ്പർക്കവും ഒഴിവാക്കപ്പെടാൻ ആവശ്യക്കാർക്ക്ഫോണിൽസാധനങ്ങൾ ആവശ്യപ്പെടാനും അവ അവർക്കുലഭ്യമാക്കാനും വേ സംവിധാനം കടയുടമകൾഒരുക്കണമെന്ന്ജില്ലാപോലീസ് മേധാവികെ.ജി. സൈമൺ. ഇക്കാര്യം പോലീസ്തദ്ദേശസ്വയംഭരണവകുപ്പ് അധികൃതരുമായിസംസാരിച്ച്വ്യാപാരസ്ഥാപന ഉടമകളോട് നിർദേശിക്കണം.

ടെലിഫോണിലൂടെ ഉപയോക്താക്കളിൽനിന്നുംആവശ്യമുള്ള സാധനങ്ങളുടെഓർഡർഎടുക്കണം. പിന്നീട് പായ്ക്ക്ചെയ്തുവിതരണത്തിനായിതയാറാക്കുകയുംഒരുസമയത് അധികംആളുകൾകൂട്ടംകൂടാത്തവിധം സമയം നൽകി ഉപയോക്താക്കൾക്ക്കൊ ുപോകാൻ സൗകര്യംഒരുക്കുകയുംചെയ്യണം. കഴിയുന്നത്ര വേഗത്തിൽ സാധനങ്ങൾ ആവശ്യക്കാർക്ക്ലഭ്യമാക്കുകയുംവേണം. ഈ സംവിധാനം ഒരുക്കാൻ കടയുടമകളെ പ്രേരിപ്പിക്കുന്നതിനുള്ള പ്രവർത്തനത്തിൽതദ്ദേശഭരണവകുപ്പ് അധികൃതർക്കൊപ്പം പോലീസ്ചേരണം. സാമൂഹികഅകലം പാലിക്കുന്നത് ഉൾപ്പെടെയുള്ള നിബന്ധനകൾ പാലിക്കാതിരുന്നാൽ നിയമനടപടികൈക്കൊള്ളണം. ശുചിത്വസുരക്ഷാ മാനദണ്ഡങ്ങൾ വ്യാപാരസ്ഥാപനത്തിനു പുറത്തുംഉള്ളിലും പാലിക്കപ്പെടുന്നത്ഉടമകൾഉറപ്പുവരുത്താതിരുന്നാൽഅവർക്കെതിരെകർശന നടപടികൾസ്വീകരിക്കുമെന്നുംജില്ലാപോലീസ് മേധാവിഅറിയിച്ചു.

ജില്ലയിലെ പലപ്രദേശങ്ങളും ക യ്ൻമെന്റ് സോണുകളായി പ്രഖ്യാപിച്ചു നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാൽഅവിടങ്ങളിലെല്ലാം പോലീസ് നടപടികർശന മായിതുടരും. ഒരുതരത്തിലുമുള്ളവിട്ടുവീഴ്ചയുംഇക്കാര്യത്തിലു ാവില്ല. ആളുകൾസംഭ്രാന്തരോആശങ്കാകുലരോആവേ തില്ല. കോവിഡ് പ്രോട്ടോകോൾഏവരും അനുസരിക്കണം. പോലീസ്ഉദ്യോഗസ്ഥർഇക്കാര്യത്തിൽമാതൃകയാവണമെന്നുംമുതിർന്ന ഉദ്യോഗസ്ഥർഅവർക്കൊപ്പമു ന്നുംജില്ലാപോലീസ് മേധാവിവ്യക്തമാക്കി.

മാസ്ക് ധരിക്കാതെആരും പുറത്തിറങ്ങരുതെന്നും, ലംഘിക്കുന്നവർക്കെതിരെ നിയമനടപടിതുടരുന്നു ന്നുംജില്ലാപോലീസ് മേധാവിഅറിയിച്ചു. ഇന്നലെമുഖാവരണം ധരിക്കാതെ പുറത്തിറങ്ങിയ 63 പേർക്ക് നോട്ടീസ് നൽകി. ക്വാറന്റീനിലുള്ളവർലംഘിച്ചു പുറത്തിറങ്ങിയാൽകർശനനടപടിഎടുക്കുമെന്നുംജില്ലാപോലീസ് മേധാവി പറഞ്ഞു.

(പിഎൻപി 3126/20)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

പത്തനംതിട്ട ജില്ല
കോവിഡ്19  കൺട്രോൾ സെൽ ബുള്ളറ്റിൻ
തീയതി. 26.07.2020

.........................................................................

പത്തനംതിട്ട ജില്ലയിൽ ഇന്ന് (26) 91 പേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചു. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 24 പേർ വിദേശ രാജ്യങ്ങളിൽ നിന്ന് വന്നവരും, 14 പേർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്നവരും, 53 പേർ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്.

വിദേശത്തുനിന്ന് വന്നവർ

1) ദുബായിൽ നിന്നും എത്തിയ പള്ളിക്കൽ സ്വദേശിയായ 34 വയസുകാരൻ.
2) കുവൈറ്റിൽ നിന്നും എത്തിയ ഇരവിപേരൂർ സ്വദേശിയായ 29 വയസുകാരൻ.
3) ദോഹയിൽ നിന്നും എത്തിയ കൂടൽ സ്വദേശിനിയായ 52 വയസുകാരി.
4) മസ്ക്കറ്റിൽ നിന്നും എത്തിയ വയ്യാറ്റുപ്പുഴ സ്വദേശിയായ 34 വയസുകാരൻ.
5) സൗദിയിൽ നിന്നും എത്തിയ മു   ുകോട്ടയ്ക്കൽ സ്വദേശിയായ 47 വയസുകാരൻ.
6) കുവൈറ്റിൽ നിന്നും എത്തിയ നിരണം സ്വദേശിയായ 53 വയസുകാരൻ.
7) ദുബായിൽ നിന്നും എത്തിയ ആറന്മുള സ്വദേശിയായ 34 വയസുകാരൻ.
8) ദുബായിൽ നിന്നും എത്തിയ ആറന്മുള സ്വദേശിനിയായ 22 വയസുകാരി.
9) ദുബായിൽ നിന്നും എത്തിയ മണ്ണടി സ്വദേശിയായ 51 വയസുകാരൻ.
10) സൗദിയിൽ നിന്നും എത്തിയ വെള്ളിയറ സ്വദേശിയായ 39 വയസുകാരൻ.
11) സൗദിയിൽ നിന്നും എത്തിയ വല്ലന സ്വദേശിയായ 35 വയസുകാരൻ.
12) കുവൈറ്റിൽ നിന്നും എത്തിയ ഇലവുംതിട്ട സ്വദേശിയായ 42

വയസുകാരൻ.
13) സൗദിയിൽ നിന്നും എത്തിയ അടൂർ സ്വദേശിയായ 36 വയസുകാരൻ.
14) ദുബായിൽ നിന്നും എത്തിയ കൊടുമൺ സ്വദേശിയായ 28 വയസുകാരൻ.
15) സൗദിയിൽ നിന്നും എത്തിയ ആങ്ങമൂഴി സ്വദേശിയായ 52 വയസുകാരൻ.
16) ഷാർജയിൽ നിന്നും എത്തിയ തുമ്പമൺ സ്വദേശിയായ 23 വയസുകാരൻ.
17) സൗദിയിൽ നിന്നും എത്തിയ കോട്ടമൺപാറ സ്വദേശിയായ 36 വയസുകാരൻ.
18) ദുബായിൽ നിന്നും എത്തിയ പരുമല സ്വദേശിയായ 29 വയസുകാരൻ.
19) സൗദിയിൽ നിന്നും എത്തിയ പറക്കോട് സ്വദേശിയായ 50 വയസുകാരൻ.
20) ഷാർജയിൽ നിന്നും എത്തിയ തുമ്പമൺ സ്വദേശിയായ 52 വയസുകാരൻ.
21) ദുബായിൽ നിന്നും എത്തിയ പന്തളം സ്വദേശിയായ 38 വയസുകാരൻ.
22) അബുദാബിയിൽ നിന്നും എത്തിയ വെണ്ണിക്കുളം സ്വദേശിയായ 49 വയസുകാരൻ.
23) ഖത്തറിൽ നിന്നും എത്തിയ തെങ്ങമം സ്വദേശിയായ 43 വയസുകാരൻ.
24) ഷാർജയിൽ നിന്നും എത്തിയ ചിറ്റാർ സ്വദേശിനിയായ ര ു വയസുകാരി.

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വന്നവർ

25) ഹൈദരാബാദിൽ നിന്നും എത്തിയ മലയാലപ്പുഴ സ്വദേശിനിയായ 23 വയസുകാരി.
26) ആസാമിൽ നിന്നും എത്തിയ പാലിയേക്കര സ്വദേശിയായ 33 വയസുകാരൻ.
27) മഹാരാഷ്ട്രയിൽ നിന്നും എത്തിയ പെരിങ്ങര സ്വദേശിയായ 51 വയസുകാരൻ.
28) മഹാരാഷ്ട്രയിൽ നിന്നും എത്തിയ തിരുവല്ല സ്വദേശിനിയായ

31 വയസുകാരി.
29) ഹൈദരാബാദിൽ നിന്നും എത്തിയ ഇലവുംതിട്ട സ്വദേശിനിയായ 22 വയസുകാരി.
30) ഡൽഹിയിൽ നിന്നും എത്തിയ കൊടുമൺ സ്വദേശിയായ 58 വയസുകാരൻ.
31) വിശാഖപട്ടണത്ത് നിന്നും എത്തിയ കോന്നി സ്വദേശിയായ 20 വയസുകാരൻ.
32) ഗുജറാത്തിൽ നിന്നും എത്തിയ ആങ്ങമൂഴി, സീതത്തോട് സ്വദേശിനിയായ 57 വയസുകാരി.
33) ഗുജറാത്തിൽ നിന്നും എത്തിയ ആങ്ങമൂഴി സ്വദേശിയായ 58 വയസുകാരൻ.
34) അഹമ്മദാബാദിൽ നിന്നും എത്തിയ ചായലോട് സ്വദേശിയായ 29 വയസുകാരൻ.
35) ഹൈദരാബാദിൽ നിന്നും എത്തിയ വള്ളംകുളം സ്വദേശിനിയായ 35 വയസുകാരി.
36) അഹമ്മദാബാദിൽ നിന്നും എത്തിയ വാഴമുട്ടം സ്വദേശിയായ 63 വയസുകാരൻ.
37) ഡൽഹിയിൽ നിന്നും എത്തിയ തിരുവല്ല സ്വദേശിയായ 35 വയസുകാരൻ.
38) ഹൈദരാബാദിൽ നിന്നും എത്തിയ കോഴിമല സ്വദേശിയായ ഏഴു വയസുകാരൻ.

സമ്പർക്കം മുഖേന രോഗം ബാധിച്ചവർ

39) പഴകുളം സ്വദേശിനിയായ നാലു വയസുകാരി. മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളയാളാണ്.
40) റാന്നി-പഴവങ്ങാടി സ്വദേശിനിയായ 33 വയസുകാരി. സമ്പർക്ക പശ്ചാത്തലം വ്യക്തമല്ല.
41) കുറ്റപ്പുഴ സ്വദേശിയായ 33 വയസുകാരൻ. ചങ്ങനാശേരി ക്ലസ്റ്ററിൽ നിന്നും രോഗം ബാധിച്ചു.
42) തിരുവല്ല, ചാത്തമല സ്വദേശിനിയായ 52 വയസുകാരി. തിരുവല്ലയിൽ മുൻപ് രോഗബാധിതനായ വ്യക്തിയുടെ ഭാര്യയാണ്.
43) തിരുവല്ല, ചാത്തമല സ്വദേശിയായ ര ു വയസുകാരൻ. തിരുവല്ലയിൽ മുൻപ് രോഗബാധിതനായ വ്യക്തിയുടെ

ചെറുമകനാണ്.
44) കോട്ടാങ്ങൽ സ്വദേശിയായ 13 വയസുകാരൻ. ചങ്ങനാശേരി ക്ലസ്റ്ററിൽ നിന്നും മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളയാളാണ്.
45) പെരങ്ങര സ്വദേശിയായ 51 വയസുകാരൻ. മത്സ്യ വ്യാപാരിയാണ്. ചങ്ങനാശേരി ക്ലസ്റ്ററിൽ നിന്നും രോഗം ബാധിച്ചു.
46) തിരുവല്ല സ്വദേശിനിയായ 64 വയസുകാരി. തിരുവല്ല ഹോളി സ്പിരിറ്റ് കോൺവെന്റിൽ മുൻപ് രോഗബാധിതയായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളയാളാണ്.
47) നിരണം സ്വദേശിയായ 40 വയസുകാരൻ. നിരണത്ത് മുൻപ് രോഗബാധിതയായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളയാളാണ്.
48) തെള്ളിയൂർ സ്വദേശിയായ 33 വയസുകാരൻ. സമ്പർക്ക പശ്ചാത്തലം വ്യക്തമല്ല.
49) പുളിക്കീഴ് പോലീസ് സ്റ്റേഷനിലെ ജീവനക്കാരനായ 46 വയസുകാരൻ. സമ്പർക്ക പശ്ചാത്തലം വ്യക്തമല്ല.
50) പരുമല സ്വദേശിനിയായ 44 വയസുകാരി. പരുമലയിൽ മുൻപ് രോഗബാധിതനായ വ്യക്തിയുടെ ഭാര്യയാണ്.
51) വടശേരിക്കര സ്വദേശിയായ 40 വയസുകാരൻ. പത്തനംതിട്ട കെഎസ്ആർടിസിയിലെ ജീവനക്കാരനാണ്. സമ്പർക്ക പശ്ചാത്തലം വ്യക്തമല്ല.
52) കുമ്മണ്ണൂർ സ്വദേശിനിയായ 24 വയസുകാരി. മുൻപ് രോഗബാധിതനായ വ്യക്തിയുടെ ഭാര്യയാണ്.
53) കുമ്മണ്ണൂർ സ്വദേശിനിയായ ര ു വയസുകാരി. മുൻപ് രോഗബാധിതനായ വ്യക്തിയുടെ മകളാണ്.
54) നാരങ്ങാനം സ്വദേശിയായ 67 വയസുകാരൻ. മുൻപ് രോഗബാധിതനായ വ്യക്തിയുടെ പിതാവാണ്.
55) നാരങ്ങാനം സ്വദേശിനിയായ 65 വയസുകാരി. മുൻപ് രോഗബാധിതനായ വ്യക്തിയുടെ മാതാവാണ്.
56) നാരങ്ങാനം സ്വദേശിയായ 42 വയസുകാരൻ. മുൻപ് രോഗബാധിതനായ വ്യക്തിയുടെ സഹോദരനാണ്.
57) നാരങ്ങാനം സ്വദേശിനിയായ ര ു വയസുകാരി. മുൻപ് രോഗബാധിതനായ വ്യക്തിയുടെ മകളാണ്.
58) നാരങ്ങാനം സ്വദേശിയായ എട്ടു വയസുകാരൻ. മുൻപ് രോഗബാധിതനായ വ്യക്തിയുടെ മകനാണ്.

59) കൊടുമൺ, ഐക്കാട് സ്വദേശിയായ ഒരു വയസുകാരൻ. അടൂർ ക്ലസ്റ്ററിൽ നിന്നും രോഗം ബാധിച്ചു.
60) കൊടുമൺ, ഐക്കാട് സ്വദേശിനിയായ 59 വയസുകാരി. അടൂർ ക്ലസ്റ്ററിൽ നിന്നും രോഗം ബാധിച്ചു.
61) പഴകുളം സ്വദേശിയായ 24 വയസുകാരൻ. സമ്പർക്ക പശ്ചാത്തലം വ്യക്തമല്ല.
62) അടൂർ സ്വദേശിനിയായ 52 വയസുകാരി. മുൻപ് രോഗബാധിതയായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളയാളാണ്.
63) മണ്ണടി സ്വദേശിനിയായ 50 വയസുകാരി. മുൻപ് രോഗബാധിതയായ വ്യക്തിയുടെ ഭാര്യയാണ്.
64) അടൂർ ജനറൽ ആശുപത്രിയിലെ ആരോഗ്യപ്രവർത്തകയായ 39 വയസുകാരി. അടൂർ ക്ലസ്റ്ററിൽ നിന്നും രോഗം ബാധിച്ചു.
65) പഴകുളം സ്വദേശിനിയായ 29 വയസുകാരി. മുൻപ് രോഗബാധിതയായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളയാളാണ്.
66) അടൂർ സ്വദേശിനിയായ 43 വയസുകാരി. മുൻപ് രോഗബാധിതയായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളയാളാണ്.
67) കുളത്തുമൺ സ്വദേശിനിയായ 50 വയസുകാരി. മുൻപ് രോഗബാധിതയായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളയാളാണ്.
68) പ്രക്കാനം സ്വദേശിനിയായ 52 വയസുകാരി. മുൻപ് രോഗബാധിതയായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളയാളാണ്.
69) പ്രക്കാനം സ്വദേശിനിയായ 18 വയസുകാരി. മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളയാളാണ്.
70) പന്തളം, തോന്നല്ലൂർ സ്വദേശിയായ 45 വയസുകാരൻ. കോട്ടയം ജില്ലയിലുള്ള മാഞ്ഞൂർ പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരനാണ്. കോട്ടയം ജില്ലയിൽ മുൻപ് രോഗബാധിതയായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളയാളാണ്.
71) മലയാലപ്പുഴ സ്വദേശിനിയായ 40 വയസുകാരി. അടൂർ ക്ലസ്റ്ററിൽ നിന്നും രോഗം ബാധിച്ചു.
72) മലയാലപ്പുഴ പോലീസ് സ്റ്റേഷനിലെ ജീവനക്കരനായ 45

വയസുകാരൻ. കോന്നിയിൽ മുൻപ് രോഗബാധിതനായ ജീവനക്കാരന്റെ സെക്കന്ററി കോ  ാക്ട് ആണ്.

73) പ്രക്കാനം സ്വദേശിയായ 19 വയസുകാരൻ. മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളയാളാണ്.

74) പത്തനംതിട്ട സ്വദേശിനിയായ 46 വയസുകാരി. മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളയാളാണ്.

75) കോന്നി സ്വദേശിയായ 65 വയസുകാരൻ. മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളയാളാണ്.

76) പത്തനംതിട്ട സ്വദേശിനിയായ 36 വയസുകാരി. കുമ്പഴ ക്ലസ്റ്ററിൽ നിന്നും രോഗം ബാധിച്ചു.

77) പത്തനംതിട്ട സ്വദേശിനിയായ 32 വയസുകാരി. കുമ്പഴ ക്ലസ്റ്ററിൽ നിന്നും രോഗം ബാധിച്ചു.

78) കൊടുമൺ സ്വദേശിനിയായ 30 വയസുകാരി. അടൂർ ക്ലസ്റ്ററിൽ നിന്നും രോഗം ബാധിച്ചു.

79) പയ്യനല്ലൂർ സ്വദേശിനിയായ ഏഴു വയസുകാരി. മുൻപ് രോഗബാധിതയായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളയാളാണ്.

80) നിരണം സ്വദേശിയായ 36 വയസുകാരൻ. അടൂർ ക്ലസ്റ്ററിൽ നിന്നും രോഗം ബാധിച്ചു

81) നിരണം സ്വദേശിനിയായ 26 വയസുകാരി. അടൂർ ക്ലസ്റ്ററിൽ നിന്നും രോഗം ബാധിച്ചു.

82) ഉള്ളന്നൂർ സ്വദേശിനിയായ 20 വയസുകാരി. അടൂർ ക്ലസ്റ്ററിൽ നിന്നും രോഗം ബാധിച്ചു.

83) പള്ളിക്കൽ സ്വദേശിയായ 30 വയസുകാരൻ. ഇലന്തൂർ ഗ്രാപഞ്ചായത്തിലെ ജീവനക്കാരനാണ്. സമ്പർക്ക പശ്ചാത്തലം വ്യക്തമല്ല.

84) നൂറനാട് സ്വദേശിനിയായ 34 വയസുകാരി. സമ്പർക്ക പശ്ചാത്തലം വ്യക്തമല്ല.

85) അടൂർ സ്വദേശിനിയായ 29 വയസുകാരി. അടൂർ ക്ലസ്റ്ററിൽ നിന്നും രോഗം ബാധിച്ചു.

86) ഇളംപള്ളിൽ സ്വദേശിയായ 63 വയസുകാരൻ. മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ

ഉള്ളയാളാണ്.
87) ഇളംപള്ളിൽ സ്വദേശിയായ 56 വയസുകാരൻ. മുൻപ് രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളയാളാണ്.
88) വടക്കേടത്തുകാവ് സ്വദേശിയായ ഒൻപതു വയസുകാരൻ. മുൻപ് രോഗബാധിതനായ വ്യക്തിയുടെ മകനാണ്.
89) പഴകുളം സ്വദേശിയായ മൂന്നു വയസുകാരൻ. അടൂർ ക്ലസ്റ്ററിൽ നിന്നും രോഗം ബാധിച്ചു.
90) പഴകുളം സ്വദേശിയായ ഏഴു വയസുകാരൻ. അടൂർ ക്ലസ്റ്ററിൽ നിന്നും രോഗം ബാധിച്ചു.
91) പഴകുളം സ്വദേശിയായ 39 വയസുകാരൻ. ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാരനാണ്. അടൂർ ക്ലസ്റ്ററിൽ നിന്നും രോഗം ബാധിച്ചു.

ജില്ലയിൽ ഇതുവരെ ആകെ 1124 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. ഇതിൽ 420 പേർ സമ്പർക്കം മൂലം രോഗം സ്ഥിരീകരിച്ചവരാണ്. കോവിഡ്-19 മൂലം ജില്ലയിൽ ഇതുവരെ ഒരാൾ മരണമടഞ്ഞിട്ടു ്. ജില്ലയിൽ ഇന്ന് 49 പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം 765 ആണ്. പത്തനംതിട്ട ജില്ലക്കാരായ 358 പേർ രോഗികളായിട്ടു ്. ഇതിൽ 349 പേർ ജില്ലയിലും, ഒൻപതു പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ 160 പേരും, കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ 62 പേരും, അടൂർ ജനറൽ ആശുപത്രിയിൽ നാലു പേരും, റാന്നി മേനാംതോട്ടം സിഎഫ്എൽടിസിയിൽ 35 പേരും, പന്തളം അർച്ചന സിഎഫ്എൽടിസിയിൽ 23 പേരും, മുത്തൂറ്റ് നഴ്സിംഗ് കോളജ് സിഎഫ്എൽടിസിയിൽ 39 പേരും, പത്തനംതിട്ട മുത്തൂറ്റ് ഹോസ്പിറ്റലിൽ ഒരാളും, തിരുവല്ല ബീലിവേഴ്സ് മെഡിക്കൽ കോളജിൽ ഒരാളും, ഐസൊലേഷനിൽ ഉ ്. കൂടാതെ തിരുവല്ല ഹോളി സ്പിരിറ്റ് കോൺവെന്റിൽ 38 പേരും, ഐസൊലേഷനിൽ ഉ ്.

സ്വകാര്യ ആശുപത്രികളിൽ 13 പേർ ഐസൊലേഷനിൽ ഉ ്.

ജില്ലയിൽ ആകെ 376 പേർ വിവിധ ആശുപത്രികളിൽ ഐസോലേഷനിൽ ആണ്. ഇന്ന് പുതിയതായി 93 പേരെ ഐസൊലേഷനിൽ പ്രവേശിപ്പിച്ചു. ജില്ലയിൽ 3240 കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും

തിരിച്ചെത്തിയ 1730 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 1053 പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ 99 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ 108 പേരും ഇതിൽ ഉൾപ്പെടുന്നു. ആകെ 6023 പേർ നിരീക്ഷണത്തിലാണ്.

ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ

ക്രമനമ്പർ, പരിശോധനയുടെ പേര്, ഇന്നലെ വരെ ശേഖരിച്ചത്, ഇന്ന് ശേഖരിച്ചത്, ആകെ എന്ന ക്രമത്തിൽ:

1) ദൈനംദിന പരിശോധന (ആർടിപിസിആർ ടെസ്റ്റ്), 24332, 0, 24332.
2) ട്രൂനാറ്റ് പരിശോധന, 683, 0, 683.
3) സെന്റിനൽ സർവൈലൻസ്, 9714, 0, 9714.
4) റാപ്പിഡ് ആന്റിജൻ പരിശോധന, 1471, 0, 1471.
5) റാപ്പിഡ് ആന്റിബോഡി പരിശോധന, 485, 0, 485.

ആകെ ശേഖരിച്ച സാമ്പിളുകൾ, 36685, 0, 36685.
2011 സാമ്പിളുകളുടെ ഫലം ലഭിക്കാനു ് .

ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 79 കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 116 കോളുകളും ലഭിച്ചു.
ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് 980 കോളുകൾ നടത്തുകയും, 23 പേർക്ക് കൗൺസലിംഗ് നൽകുകയും ചെയ്തു. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ദൈനംദിന അവലോകനയോഗം വൈകുന്നേരം 4.30 ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്നു. പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും പ്ലാനിംഗ് മീറ്റിംഗ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ കൂടി.